## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 324      12.12.2018 — ൽ മറുപടിക്ക്

## റേഷൻ രംഗത്തിന്റെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, ഡി.കെ. മുരളി<br>,, രാജു എബ്രഹാം<br>,, ഒ. ആർ. കേളു : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ആധുനീകരണ പ്രവർത്തനം വഴി റേഷൻ ചോർച്ച തടയുന്നതിനും അതോടൊപ്പം തന്നെ റേഷൻ വ്യാപാരികൾക്ക് ന്യായവേതനം ഉറപ്പ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത്, യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് (കണ്ണുകൾ) പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഇ-പോസ് മെഷീനുകളെ കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എല്ലാ മാസവും എസ്.എം.എസ്. സന്ദേശം നൽകുന്നുണ്ട്. കൂടാതെ, റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങളും എസ്.എം.എസ്. ആയി നൽകുന്നുണ്ട്. ഇപ്പോൾ ഇലക്ട്രോണിക് ത്രാസ് കൂടി ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി തൂക്കക്കുറവ് എന്ന പരാതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനിക ശാസ്ത്ര, സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്. |

സംസ്ഥാനത്ത് നിലവിൽ ഏകദേശം 14300 ഓളം റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ആയതിൽ 45 ക്വിന്റലിൽ കുറവ് വിൽപ്പന നടത്തുന്ന 2800 ഓളം കടകളും 46 ക്വിന്റലിനും 100 ക്വിന്റലിനുമിടയിൽ വിൽപ്പന നടത്തുന്ന 8200 ഓളം കടകളും 101 ക്വിന്റലിനും 150 ക്വിന്റലിനും ഇടയിൽ വിൽപ്പന നടത്തുന്ന 2500 ഓളം കടകളും 151 ക്വിന്റലിനും 200 ക്വിന്റലിനും ഇടയിൽ വിൽപ്പന നടത്തുന്ന 650 ഓളം കടകളും 200 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന 150 ഓളം കടകളുമാണുള്ളത്.

30.11.2018 ലെ സ.ഉ(കൈ)നം.46/2018/ഭ.പൊ.വി.വ പ്രകാരം റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് 45 ക്വിന്റൽ വിൽപ്പന അടിസ്ഥാനമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

1. 45 ക്വിന്റൽ വിതരണം ചെയ്യുന്ന വ്യാപാരികളുടെ അടിസ്ഥാന കമ്മീഷൻ 16,000/- രൂപയിൽ നിന്നും 18,000/- രൂപയായി വർദ്ധിപ്പിച്ചു.
2. സപ്പോർട്ടീവ് പെയ്മെന്റ് തുക 6,100/- രൂപയിൽ നിന്നും 8,500/- രൂപയായി വർദ്ധിപ്പിച്ചു.
3. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷനും 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500/- രൂപ വരെ സപ്പോർട്ടീവ് പെയ്മെന്റും ലഭ്യമാകുന്നതാണ്.
4. 45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000/- രൂപയ്ക്ക് പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതാണ്.

| | |
|---|---|
| (ബി) ഇ-ട്രാസ് പദ്ധതി ഫലപ്രദമായിരുന്നോ; പോരായ്മ നികത്താൻ നടപടിയെടുക്കുമോ; | (ബി) ഇ-ട്രാസ് എന്ന പദ്ധതി നിലവിലില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പ്രാവർത്തിക മാക്കിയതിന്റെ ഫലമായി ഇ-പോസ് പദ്ധതിയാണ് നടപ്പിലാക്കിയത്.<br>ഇലക്ട്രോണിക് ട്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നോർത്ത് സിറ്റി റേഷനിംഗ് ഓഫീസിന്റെ പരിധിയിലുള്ള 5 റേഷൻ കടകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 2018-19 വാർഷിക പദ്ധതിയിനത്തിൽ 9,31,77,500/- രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റേഷൻ കടകളിലൂടെ മറ്റ് സേവനങ്ങൾ നൽകി വ്യാപാരികളുടെ വരുമാന വർദ്ധനവിന് അനുമതി നൽകിയിട്ടുണ്ടോ; | (സി) | റേഷൻ സാധനങ്ങൾക്ക് പുറമേ നോൺ മാവേലി ഉൽപ്പന്നങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും കൂടി റേഷൻ കടകൾ വഴി വിൽപ്പന നടത്തി വൈവിദ്ധ്യവൽക്കരിക്കുന്നതിനും റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി ആലോചിച്ചു വരുന്നു. കൂടാതെ റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഇതോടനുബന്ധിച്ച് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലീഡ് ബാങ്ക് ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത് സംബന്ധിച്ച വിശദമായ പ്രൊപ്പോസലുകൾ ബാങ്കുകളിൽ നിന്നും ക്ഷണിച്ചുകൊണ്ട് EOI (Expression of Interest) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് ഇത്തരം ഇടപാടുകൾ നടത്തുന്നതിലൂടെ പ്രതിമാസം കമ്മീഷൻ ഇനത്തിൽ ഒരു നിശ്ചിത തുക ലഭിക്കുകയും അതിൽ കൂടുതൽ ഇടപാടുകൾ നടത്തുന്ന പക്ഷം ആനുപാതികമായി ഇൻസെന്റീവും ലഭിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തിന് അർഹതയുള്ള അധിക റേഷൻ വിഹിതം നേടിയെടുക്കാൻ നടത്തിയ ശ്രമം അറിയിക്കാമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നു; | (ഡി) | 2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുൻപുള്ള മൂന്ന് വർഷത്തെ ഭക്ഷ്യധാന്യത്തിന്റെ ഓഫ്ടേക്കിന്റെ ശരാശരി കണക്കാക്കിയാണ് ഓരോ സംസ്ഥാനത്തിനും നിലവിലെ വിഹിതം നിശ്ചയിച്ചിട്ടുള്ളത്. അതായത് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് പ്രതിവർഷം സംസ്ഥാനത്തിന് അനുവദിക്കുന്നത്. ഒരു സംസ്ഥാനത്തിന് മാത്രമായി ഇക്കാര്യത്തിൽ ഇളവനുവദിക്കാൻ കഴിയില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.മാരുടെ കോൺഫറൻസിലും സർവ്വകക്ഷി തലത്തിൽ ബഹു. പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും ആയതിന്മേൽ അനുഭാവ പൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്ന് ഉണ്ടായിട്ടില്ല. |

(ഇ) റേഷൻകടകളുടെ സോഷ്യൽ ഓഡിറ്റിംഗ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

(ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണാപത്രം ഒപ്പിട്ടു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുവിതരണ സമ്പ്രദായം മുഴുവനും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

***സെക്ഷൻ ഓഫീസർ***